## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 1679 | 14.12.2012 -ൽ മറുപടിയ്ക്ക് |
|---|---|

### ചിൽഡ്രൻസ് ഹോമുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ചിൽഡ്രൻസ് ഹോമുകളുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടിയുടെ പദ്ധതിക്കാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ ചിൽഡ്രൻസ് ഹോമുകൾ ഐ.സി.പി.എസ്. പദ്ധതി പ്രകാരമാണ് പ്രവർത്തിക്കുന്നത്. ഐ.സി.പി.എസ്-ൽ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹോമുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രശ്ന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഡിപ്പാർട്ട്മെന്റ് തലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് ആവശ്യമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് ശേഖരിച്ചു വരികയാണ്. |
| (ബി) | കേരളത്തിലെ ചിൽഡ്രൻസ് ഹോമുകളിൽ കഴിയുന്ന കുട്ടികളെ സ്വയം പര്യാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടികൾ നിർദ്ദേശിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതിനായി നിലവിൽ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് പഠനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി വരുന്നുണ്ട്. പത്താം ക്ലാസ്സ് പാസ്സായ വർക്ക് +1, VHSC, |

| | | | |
|---|---|---|---|
| | | | പോളിടെക്നിക്ക്, ഡിഗ്രി തുടങ്ങി നിരവധി കോഴ്സുകളിൽ പ്രത്യേക ഉത്തരവോടെ ഉന്നത വിദ്യാഭ്യാസം നൽകി വരുന്നു. സ്ക്രീൻ പ്രിന്റിംഗ്, ബുക്ക് ബൈൻഡിംഗ്, തയ്യൽ, കൃഷി, ക്രാഫ്റ്റ്, പെയിന്റിംഗ്, കമ്പ്യൂട്ടർ, കാർപെന്ററി, ഡാൻസ്, യോഗ എന്നിവയിൽ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പരിശീലനവും നൽകി വരുന്നു. |
| (സി) | സംസ്ഥാനത്തെ ചിൽഡ്രൻസ് ഹോമുകളിൽ എത്ര കുട്ടികൾ വസിക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; ആൺ- പെൺ എന്നിങ്ങനെ തരം തിരിച്ച്. ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ ചിൽഡ്രൻസ് ഹോമുകളിൽ ആകെ 551 കുട്ടികൾ വസിക്കുന്നു. ഇതിൽ 252 പെൺകുട്ടികളും 299 ആൺകുട്ടികളും ഉണ്ട്. ആൺ-പെൺ, ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | ആൺ | പെൺ |
|---|---|---|---|
| 1. | തിരുവനന്തപുരം | 50 | --- |
| 2. | കൊല്ലം | 24 | --- |
| 3. | ആലപ്പുഴ | 12 | --- |
| 4. | കോട്ടയം | 53 | --- |
| 5. | എറണാകുളം | -- | 101 |
| 6. | കോഴിക്കോട് (ഗേൾസ്) | -- | 151 |
| 7. | കോഴിക്കോട് (ബോയ്സ്) | 122 | --- |
| 8. | തൃശ്ശൂർ | 38 | --- |
| | | **299** | **252** |

ആകെ മൊത്തം (299 +252) = 551

[signature]

സെക്ഷൻ ഓഫീസർ